**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5736** **08-07-2024 - ൽ മറുപടിയ്ക്ക്**

**തലാസീമിയ രോഗികൾ നേരിടുന്ന പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തലാസീമിയ രോഗികൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്ന് ആവശ്യപ്പെട്ട് നൽകിയ നിവേദനത്തിൽ (നം.7180876/2023/ മിൻ(ഹെൽത്ത്) ആരോഗ്യ വകുപ്പ് ഡയറക്ടർ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | 7180876/2023/മിൻ(ഹെൽത്ത്) നമ്പർ പരാതിയിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി പരാതിയുടെ പകർപ്പ് ദേശീയ ആരോഗ്യ ദൗത്യം സ്റ്റേറ്റ് മിഷൻ ഡയറക്ടർക്കും, ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), എറണാകുളം എന്നിവർക്കും ആരോഗ്യ വകുപ്പ് ഡയറക്ടർ കത്ത് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഷയത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ എന്തെങ്കിലും കത്തിടപാടുകൾ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പുകളും, റിപ്പോർട്ടുകൾ എന്തെങ്കിലും ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പുകളും ലഭ്യമാക്കുമോ; | (ബി) | പ്രസ്തുത വിഷയത്തിൽ ദേശീയ ആരോഗ്യ ദൗത്യം സ്റ്റേറ്റ് മിഷൻ ഡയറക്ടർക്കും, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), എറണാകുളത്തിനും ആരോഗ്യ വകുപ്പ് ഡയറക്ടർ നടത്തിയ കത്തിടപാടുകളുടെയും, ആലുവ ജില്ലാ ആശുപത്രി സൂപ്രണ്ടിന്റെ റിപ്പോർട്ടിന്റെയും പകർപ്പുകൾ **അനുബന്ധം** ആയി ചേർക്കുന്നു. |
| (സി) | തലാസീമിയ രോഗികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | ആശാധാര പദ്ധതിയുടെ ഭാഗമായി തലാസീമിയ ബാധിതരായ രോഗികൾക്ക് പ്രത്യേക സ്ക്രീനിംഗ് സൗകര്യവും അവർക്ക് ആവശ്യമായ ചികിത്സാ സൗകര്യങ്ങളും മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്. കേരളത്തിൽ ആശാധാര പദ്ധതിയിൽ ഇതുവരെ 276 തലാസീമിയ രോഗികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവർക്കുള്ള സമഗ്ര ചികിത്സ ലഭ്യമാക്കുന്നതിനായി എല്ലാ ജില്ലകളിലും ജില്ലാ ഡേകെയർ സെന്ററുകൾ (DDCC) ആരംഭിക്കുകയും അതിലേക്ക് മുഴുവൻ സമയം ഒരു Patient Care Co- ordinator നെ നിയമിക്കുകയും ഒരു ഡോക്ടറിന് നോഡൽ ഓഫീസറുടെ ചുമതല നല്കുകയും ചെയ്തിട്ടുണ്ട്. രോഗികളുടെ രജിസ്ട്രേഷൻ, രോഗീ പരിചരണത്തിന്റെ ഭാഗമായുള്ള ബോധവൽക്കരണം, പരിശോധനകൾ എന്നിവ കൃത്യമായ ഇടവേളകളിൽ ലഭ്യമാക്കുക എന്നിവയാണ് പ്രധാനമായി ജില്ലാ ഡേകെയർ സെന്ററുകൾ ചെയ്തുവരുന്നത്. ഇത് കൂടാതെ ജില്ലയിൽ |

| | | | |
|---|---|---|---|
| | | | ലഭ്യമായ മറ്റു സേവനങ്ങളും രോഗികൾക്ക് പ്രയോജനകരമായ രീതിയിൽ ലഭ്യമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടത്താനും DDCC ശ്രമിച്ചുവരുന്നു.<br><br>സംസ്ഥാന തലത്തിൽ തലാസീമിയ ചികിത്സയ്ക്കായി ചികിത്സാ മാർഗ്ഗ നിർദ്ദേശങ്ങൾ (treatment guidelines) തയ്യാറാക്കിവരുന്നു. മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ഉൾപ്പെടെ നിലവിൽ മലബാർ ക്യാൻസർ സെന്റർ വഴി ആരംഭിച്ചിട്ടുണ്ട്. Blood transfusion, iron chelator ചികിത്സ തുടങ്ങിയവ നിലവിൽ ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

I/48988/2023

**അനുബന്ധം**

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം

വഞ്ചിയൂർ, പി.ഒ, തിരുവനന്തപുരം പിൻ- 695035

Ph:0471-2302490 Fax:0471-2303025/2303080

**Email:** dhskerala@gmail.com **/Website:** www.dhs.kerala.gov.in

എം.എസ്.എ **2 – 9038/2023**/ആ.വ.ഡ തീയതി: 26-05-2023

പ്രേഷകൻ,

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്,

ജില്ലാ മെഡിക്കൽ ഓഫീസർ

എറണാകുളം

സർ,

വിഷയം- ആ.വ.ഡ- ആലുവ ജില്ലാ ആശുപത്രിയിൽ തലസ്മിയ രോഗികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നത് - സംബന്ധിച്ച്.

സൂചന- ബഹു.ആരോഗ്യമന്ത്രിക്ക് ശ്രീ . അൻവർ സാദത്ത് ,എം .എൽ .എ നൽകിയ അപേക്ഷ 7180876/2023/Min(Health )

മേൽ സൂചന പ്രകാരം ആലുവ ജില്ലാ ആശുത്രിയിൽ ചികിൽസയ്ക്ക് എത്തുന്ന തലസ്മിയ രോഗികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് ആവശ്യപെട്ട് ബഹു ആരോഗ്യമന്ത്രിക്ക് സമർപ്പിച്ച അപേക്ഷയുടെ പകർപ്പ് ഇതോടൊപ്പം റിപ്പോർട്ടിനായി അയക്കുന്നു.

വിശ്വസ്തതയോടെ

DR NANDAKUMAR K V

ADDITIONAL DIRECTOR OF HEALTH SERVICES

**ആരോഗ്യവകുപ്പ് ഡയറക്ടർക്ക് വേണ്ടി**

Signed by
Dr Nandakumar K V
Date: 26-05-2023 14:25:38

**ഉള്ളടക്കം : സൂചന കത്ത്**

# DIRECTORATE OF HEALTH SERVICES

Vanchiyoor.P.O., Thiruvananthapuram. Pin – 695035
Ph:0471-2302490 Fax:0471-2303025/2303080
**Email:**dhskerala.hlth@kerala.gov.in
**Website:** www.dhs.kerala.gov.in

No : MH3/13403/2023/DHS

To Dated: 21-07-2023

ഡോ രാഹുൽ
Nodal officer, Rare diseases
NHM TVPM

Sir,

Subject: ആരോഗ്യ വകുപ്പ് മന്ത്രിക്കു നൽകിയ പരാതി സംബന്ധിച്ച്

Reference: 7180876/23 നമ്പർ പരാതി

സൂചന പ്രകാരമുള്ള പരാതി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു ആയതിന്മേൽ താങ്കളുടെ അഭിപ്രായം അടിയന്തിരമായി സമർപ്പിക്കുവാൻ താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ

Signed by
Dr Nandakumar K V
Date: 21-07-2023 21:03:16

DR NANDAKUMAR K V
ADDITIONAL DIRECTOR OF HEALTH SERVICES

# ജില്ലാ ആശുപത്രി ആലുവ

റെയിൽവേസ്റ്റേഷൻ റോഡ്, ആലുവ-683101

☎-0484-2629242 ✉ districthospitalaluva2022@gmail.com


ഭരണഭാഷ മാതൃഭാഷ

നമ്പർ: സി-2909/2023 തീയതി: 05.06.2023

സൂപ്രണ്ട്

ജില്ലാ മെഡിക്കൽ ആഫീസർ(ആരോഗ്യം)
എറണാകുളം

സർ,

വിഷയം: ജില്ലാ ആശുപത്രി, ആലുവ-തലാസ്മിയ രോഗികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നത്-റിപ്പോർട്ട് അയക്കുന്നത്-സംബന്ധിച്ച്.

സൂചന: 1. ബഹു.എം.എൽ.എ ശ്രീ.അൻവർ സാദത്ത് അവർകൾ ബഹു.ആരോഗ്യവകുപ്പ് മന്ത്രിക്ക് നൽകിയ അപേക്ഷ.
2. ആവഡയുടെ 26.05.2023 തീയതിയിലെ എം.എസ്.എ2-9038/23 നമ്പർ കത്ത്

ബഹുമാനപ്പെട്ട എം.എൽ.എ ശ്രീ.അൻവർ സാദത്ത് അവർകൾ, ബഹു.ആരോഗ്യവകുപ്പ് മന്ത്രിക്ക് നൽകിയ അപേക്ഷയിൻമേൽ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സൂചന(2) പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ആയത് ആവശ്യമായ നടപടികൾക്കായി ചുവടെ ചേർക്കുന്നു.

1. ആലുവ ജില്ലാ ആശുപത്രിയിലെ ഹീമോഫീലിയ സെന്ററിൽ ഫിൽറ്റർ സെറ്റ് ദൗർലഭ്യം നേരിടുന്ന സാഹചര്യം ഉണ്ടായിട്ടില്ല. ആശാധാര പ്രോജക്ട് വഴിയാണ് സാധാരണയായി ഫിൽറ്റർ സെറ്റ് ലഭ്യമാക്കാറുള്ളത്. അപൂർവം സന്ദർഭങ്ങളിൽ ആശാധാര പ്രോജക്ടിൽ നിന്നും ഫിൽറ്റർ സെറ്റ് ലഭിക്കാത്ത സാഹചര്യങ്ങളിൽ, 18 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് ആർ.ബി.എസ്.കെ സ്കീമിൽ ഉൾപ്പെടുത്തിയും 18 വയസ്സിന് മുകളിലുള്ളവർക്ക് മറ്റ് സർക്കാർ സ്ഥാപനങ്ങളിൽ നിന്നും ഫിൽറ്റർ സെറ്റ് ലഭ്യമാക്കിയും ന്യൂനത പരിഹരിക്കാറുണ്ട്.
2. ആലുവ ജില്ലാ ആശുപത്രിയിലെ ഹീമോഫീലിയ സെന്ററിൽ നാറ്റ് (ന്യൂക്ലിയർ ആസിഡ് ടെസ്റ്റ്) ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് അയച്ചു നൽകിയിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത ടെസ്റ്റ് ആരംഭിക്കുന്നതാണ്.
3. ആലുവ ജില്ലാ ആശുപത്രിയിൽ ഹെമറ്റോളജിസ്റ്റ് തസ്തിക നിലവിലില്ല. ആയതിനാൽ അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽ നിന്ന് ഹെമറ്റോളജിസ്റ്റ് ആലുവ എച്ച്.ടി.സി-യിൽ വന്ന് രോഗികളെ പരിശോധിയ്ക്കുകയും ആവശ്യമായ സേവനം നൽകുകയും ചെയ്യുന്നുണ്ട്.

വിശ്വസ്തതയോടെ

സൂപ്രണ്ട്

SUPERINTENDENT
DISTRICT HOSPITAL

പകർപ്പ്

1. ആർഎംഒ
2. ഹീമോഫീലിയ വിഭാഗം മെഡിക്കൽ ഓഫീസർ ഇൻചാർജ്ജ്
3. ഫയൽ

Section Officer

ആർഎം/